9-ാം ക്ലാസ്സിലെ സോഷ്യൽ സ്റ്റഡീസ് പുസ്തകത്തിലെ തെറ്റുകൾ പരിഹരിക്കാൻ നടപടി

89 (2028) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് ആന്റ് ട്രെയിനിംഗിൽ എത്ര പേർക്ക് പാഠപുസ്തക രചനയിലുള്ള യോഗ്യതയും പരിശീലനവും പരിചയവും ലഭിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ ;

(ബി) ഈ വർഷത്തെ 9-ാം ക്ലാസ്സിലെ പുതിയ സോഷ്യൽ സ്റ്റഡീസ് (മലയാളം) പാഠ പുസ്തകത്തിൽ നിരവധി തെറ്റുകൾ കടന്ന് കൂടിയിട്ടുണ്ടെന്നുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ തെറ്റുകൾ തിരുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആവശ്യമായ പരിശീലനം നൽകിയശേഷമാണ് എസ്.സി.ഇ.ആർ.റ്റി. യിൽ പാഠപുസ്തക രചനയിലേക്ക് നിയമിക്കുന്നത്. ഓരോ വർഷവും 60 ഓളം പേർക്ക് വിവിധ വിഷയങ്ങളിൽ പരിശീലനം നൽകാറുണ്ട്.

(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ച് പരിശോധിച്ചു പാഠപുസ്തകത്തിൽ ആവശ്യം വേണ്ട മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

എസ്.സി.ഇ.ആർ.റ്റി. യിൽ അദ്ധ്യാപക പരിശീലനത്തിനുള്ള ഫണ്ട്

90 (2029) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എസ്.സി.ഇ.ആർ.ടി. യിൽ കഴിഞ്ഞ മൂന്നു വർഷമായി അദ്ധ്യാപക പരിശീലനത്തിന് അനുവദിച്ചിരുന്ന തുകയും അത് ഏതെല്ലാം ഇനങ്ങളിൽ ചെലവഴിച്ചുവെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

എസ്.സി.ഇ.ആർ.റ്റി.-ക്ക് സംസ്ഥാന ഗവൺമെന്റ് പുസ്തക നിർമ്മാണത്തിനും അദ്ധ്യാപക പരിശീലനത്തിനും വേണ്ടിയാണ് ധന സഹായം നൽകി വരുന്നത്. 2000-2001, 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ എസ്.സി.ഇ.ആർ.ടി.-ക്ക് സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭ്യമായ തുകയും അതാതു വർഷത്തെ ചെലവും ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ലഭ്യമായ തുക (ലക്ഷം)	ചെലവാക്കിയ തുക	
		പുസ്തക നിർമ്മാണം	അദ്ധ്യാപക പരിശീലനം
2000-01	187. 5	99,10,228	1,50,49,564
2001-02	93.75	31,22,654	12,19,437
2002-03	128.00	1,03,07,361	29,23,562

അധികമായി ചെലവായ തുക മുൻ നീക്കിയിരുപ്പ് ബാക്കിയിൽ നിന്നും ചെലവാക്കി.

ഗോൾഡൻ ഷേക്ഹാന്റ് പദ്ധതി

91 (2031) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൈമറി സ്കൂളുകളിൽ ഏർപ്പെടുത്തിയിരുന്ന ഗോൾഡൻ ഷേക്ക് ഹാൻഡ് പദ്ധതി ഈ വർഷം തുടരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത് ;

(ബി) ഈ പദ്ധതി ഏതെല്ലാം പ്രദേശങ്ങളിലാണ് നടപ്പിലാക്കിയിരുന്നത് ;

(സി) കഴിഞ്ഞവർഷം ഈ പദ്ധതിക്കായി സംസ്ഥാന ഗവൺമെന്റ് എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ) ഇത്തരം ഒരു സ്കീം ഈ വകുപ്പിൽ നിലവിലില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതി

92 (2032) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ടോ ? ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതിക്കായി എന്തു തുക ചെലവ് വരുന്നുണ്ടെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ലഭിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly